## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 396          11-12-2012-ൽ മറുപടിക്ക്

### 2012 നവംബർ 30 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക

ചോദ്യം          ഉത്തരം

ശ്രീമതി കെ.എസ്. സലീഖ          ശ്രീ. ആര്യാടൻ മുഹമ്മദ്.

(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

(എ) വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2012 നവംബർ 30 വരെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക എത്ര കോടി രൂപയാണ്.

(എ) വൈദ്യുതി ചാർജ്ജിനത്തിൽ 2012 സെപ്റ്റംബർ 30 വരെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക രൂപ 1206.29 കോടിയാണ്. 2012 നവംബർ 30 വരെ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികയുടെ കണക്ക് ശേഖരിച്ചുവരുന്നു.

(ബി) അതിൽ സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക എത്ര കോടി രൂപയെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| | |
|---|---|
| സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | 95.27 കോടി രൂപ |
| സംസ്ഥാന പൊതുമേഖലയും സഹകരണ സ്ഥാപനങ്ങളും | 490.75 കോടി രൂപ |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 4.87 കോടി രൂപ |
| കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | 0.62 കോടി രൂപ |
| കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 16.73 കോടി രൂപ |
| അന്തർ സംസ്ഥാന ഊർജ്ജ വ്യാപാരം | 4.54 കോടി രൂപ |
| സ്വകാര്യ സ്ഥാപനങ്ങൾ | 571.90 കോടി രൂപ |
| ലൈസൻസികൾ | 21.61 കോടി രൂപ |
| ആകെ | 1206.29 കോടി രൂപ |

(സി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ സ്ഥാപനം, പൊതുമേഖലാ സ്ഥാപനം, സഹകരണ സ്ഥാപനം, തദ്ദേശസ്വയംഭരണ സ്ഥാപനം, സ്വകാര്യ സ്ഥാപനം

(സി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ

എന്നിവ ഏതൊക്കെയാണെന്നും ഇത്തരം സ്ഥാപനങ്ങൾ വരുത്തിയ കുടിശ്ശിക എത്ര രൂപയെന്നും വ്യക്തമാക്കുമോ;

| | | |
|---|---|---|
| സർക്കാർ സ്ഥാപനം | കൃഷി വകുപ്പ് | കുടിശ്ശിക 37.17 കോടി രൂപ |
| പൊതുമേഖലാ സ്ഥാപനം | കേരള വാട്ടർ അതോറിറ്റി | കുടിശ്ശിക 315.72 കോടി രൂപ |
| സഹകരണ സ്ഥാപനം | തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ | കുടിശ്ശിക 3.82 കോടി രൂപ |
| തദ്ദേശസ്വയംഭരണ സ്ഥാപനം | വല്ലപ്പുഴ ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതി | കുടിശ്ശിക 28 ലക്ഷം രൂപ |
| സ്വകാര്യ സ്ഥാപനം | ഹൈടെക്ക് ഇലക്ട്രോ തെർമിക്സ് & ഹൈഡ്രോ പവർ | കുടിശ്ശിക 45.53 കോടി രൂപ |

(ഡി) ഇത്തരത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. അവ ചുവടെ ചേർക്കുന്നു.

(i) യഥാസമയം വൈദ്യുത ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം വിഛേദിക്കുക.

(ii) കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.

(iii) റവന്യൂ റിക്കവറി നടപടികൾ യഥാസമയം സ്വീകരിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുക.

(iv) പൂട്ടിക്കിടക്കുന്ന എച്ച്.റ്റി., എൽ.റ്റി. വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതിയ്ക്കു മുമ്പേ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

(iv) ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ 'മുതൽ' ഒറ്റത്തവണയായോ തവണകളായോ ഒടുക്കിയാൽ പലിശയിൽ

ഇളവനുവദിച്ചു കൊടുക്കുക. പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ തുറന്നു പ്രവർത്തിക്കുന്നുവെങ്കിലോ അന്തിമമായി കുടിശ്ശിക കണക്കുകൾ തീർപ്പാക്കുകയാണെങ്കിലോ പലിശ 3% ആയി ഇളവ് ചെയ്ത നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5% ആയിരിക്കും. 'മുതൽ' ഒറ്റത്തവണയായി അടയ്ക്കുകയാണെങ്കിൽ മാത്രമേ മുകളിൽ പറഞ്ഞ ഇളവ് ലഭിക്കുകയുള്ളൂ. അല്ലാത്തപക്ഷം 'പലിശ' യഥാക്രമം 6% ഉം 9% ഉം ആയിരിക്കുന്നതാണ്. ഈ പദ്ധതിയുടെ കാലയളവ് 31.12.2012 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(vi) കോടതികളിൽ നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീരപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ കെ.എസ്.ഇ.ബി. നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഇ) കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ബോദ്ധ്യപ്പെട്ടിട്ടില്ല.

(എഫ്) ഇപ്രകാരമുള്ള കുടിശ്ശിക പിരിച്ചെടുക്കാതെ നഷ്ടത്തിന്റെ പേരിൽ അടിക്കടി വൈദ്യുതി ചാർജ്ജും, പവർകട്ടും, ലോഡ്ഷെഡ്ഡിംഗും എർപ്പെടുത്തി ഉപഭോക്താക്കളെ ദ്രോഹിക്കുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എഫ്) നിലവിൽ വൈദ്യുത ബോർഡിൽ പിൻതുടരുന്ന അക്കൗണ്ടിംഗ് സംവിധാനമനുസരിച്ച് ഒരു ഉപഭോക്താവിന് ഉപയോഗിച്ച വൈദ്യുതിയുടെ ചാർജ്ജ് രേഖപ്പെടുത്തിക്കൊണ്ടുള്ള ഇൻവോയ്സ് നൽകുമ്പോൾ തന്നെ ടി ചാർജ്ജ് "വരുമാന"മായിട്ടാണ് കണക്കാക്കുന്നത്. അതായത് (Accrual) അക്രൂവൽ രീതിയാണ് അവലംബിക്കുന്നത്. പിരിഞ്ഞു കിട്ടിയാലും ഇല്ലെങ്കിലും ഇൻവോയിസ് തുക "വരുമാന"മായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, ബോർഡിന്റെ വരുമാനം നിർണ്ണയിക്കുന്നതും ബോർഡ് ഉപഭോക്താക്കൾക്ക് നൽക്കുന്ന ഇൻവോയിസ് അടിസ്ഥാനപ്പെടുത്തിയാണ്.

റെഗുലേറ്ററി കമ്മീഷൻ റവന്യൂ കമ്മി നിർണ്ണയിക്കുമ്പോഴും "വരുമാനം" കണക്കാക്കുന്നത് മേൽ വിവരിച്ച പ്രകാരമാണ്. റവന്യൂ കമ്മിയുടെ അടിസ്ഥാനത്തിലാണ് റെഗുലേറ്ററി കമ്മീഷൻ താരിഫ് നിർണ്ണിയിക്കുന്നത്. ആയതിനാൽ താരിഫ് വർദ്ധിപ്പിക്കുന്നത് കുടിശ്ശിക പിരിച്ചെടുക്കാത്തത് മൂലമല്ല. മാത്രവുമല്ല കുടിശ്ശിക പിരിഞ്ഞു കിട്ടാതെ വരുമ്പോൾ ബോർഡ് മറ്റു മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുന്ന തുകയും പലിശയും അനുബന്ധകണക്കുകളും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 'റവന്യൂ കമ്മി' അംഗീകരിക്കുന്നതിന് പരിഗണിക്കുന്നുമില്ല.

സെക്ഷൻ ഓഫീസർ